# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5783
# 19/11/2019 ലെ മറുപടിക്ക്

**<u>ആസ്തി വികസന ഫണ്ടുപയോഗിച്ച് നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി</u>**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം. എൽ. എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഭരണാനുമതിയുടെ പകർപ്പ് എം.എൽ.എ.മാർക്ക് ലഭിക്കാറുണ്ടെങ്കിലും അതിനു ശേഷം പ്രവൃത്തിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ അറിയിക്കുന്ന സംവിധാനം നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതികൾ കൈകാര്യം ചെയ്യുന്നത് എൽ.എ.സി എ.ഡി.എസ് പോർട്ടൽ വഴിയാണ് (www.ads2.kerala.gov.in). എം,എൽ.എ മാർ പ്രവൃത്തികൾ ശിപാർശ ചെയ്ത് ഭരണാനുമതി നൽകുന്നതുവരെയുള്ള കാര്യങ്ങളാണ് പോർട്ടൽ ഉപയോഗിച്ച് ചെയ്തു വരുന്നത്. ഭരണാനുമതിയ്ക്ക് ശേഷം പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണം എന്നിവ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിംഗുകളും അക്രഡിറ്റഡ് ഏജൻസികളുമാണ് ചെയ്തു വരുന്നത്. സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം പോർട്ടലിലൂടെ ലഭ്യമാകുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് വിംഗുകളേയും അക്രഡിറ്റഡ് ഏജൻസികളേയും പോർട്ടലിന്റെ ഭാഗമാക്കേണ്ടതുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. 29/12/2017 ലെ സ.ഉ(അച്ചടി) നം.161/2017/ധന യുടെ ഖണ്ഡിക 3.2.4 പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (എം.എൽ.എ - എസ്.ഡി.എഫ്) യിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നാല് മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർ എം.എൽ.എ മാർക്ക് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രോജക്ടിന്റെ ഓരോ മാസവും നടക്കുന്ന പുരോഗതി എം.എൽ എ.മാരെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | |

**സെക്ഷൻ ഓഫീസർ**